# ഒമാനി 'മിൽക്ക'യുടെ വിശേഷങ്ങൾ

● ഇശൽ ബിൻത് ഷിനോജ്

ക്രിസ്തുവിന് മുമ്പ് നാലാംനൂറ്റാണ്ട് വരെ പഴക്കമുള്ള നാഗരികതയും സംസ്കാരിക പാരമ്പര്യവും അവകാശപ്പെടാൻ കഴിയുന്ന ഗൾഫ് രാജ്യമാണ് ഒമാൻ. ഇസ്ലാമിക വിശ്വാസത്തെയും സംസ്കാരത്തെയും പ്രവാചകൻ മുഹമ്മദ് നബിയുടെ പ്രബോധനകാലം മുതൽ വാരിപ്പുണർന്ന രാജ്യം. കൂറ്റൻ മലനിരകളും മലകൾ അതിരിട്ട് അലയടിക്കുന്ന കടലും അരുവികളും ഒഴുകുന്ന പാറമടകളും മരുഭൂമിയും പച്ചപുതച്ച കൃഷിഭൂമികളും അങ്ങനെ ഭൂപ്രകൃതിയുടെ വൈവിധ്യവും ഭിന്നമായ സൗന്ദര്യവുമെല്ലാം അവകാശപ്പെടാൻ കഴിയുന്ന ഒമാന്റെ മണ്ണിന് മറ്റ് ഗൾഫ്രാജ്യങ്ങളിൽനിന്ന് വ്യത്യസ്തമായി അവകാശപ്പെടാൻ പലതുമുണ്ട്.

അറബികളെങ്കിലും തലപ്പാവിന്റെ കെട്ടും മട്ടും ഒമാനി പുരുഷനെ വ്യത്യസ്തനാക്കുന്നു. ഉത്തരേന്ത്യൻ യുവതികളുടെ സാൽവാർ കമീസിനോട് സമാനമായ വേഷമാണ് ഒമാന്റെ പലഭാഗങ്ങളിലെയും സ്ത്രീകളുടെ പരമ്പരാഗത വേഷം. മസ്കത്ത്, മുസാന്തം, ദോഫാർ ഗവർണറേറ്റുകൾ, ബാതിന, ദാഹിറ, ദാഹിലിയ, ശർഖിയ, വുസ്ത മേഖലകൾ എന്നിങ്ങനെ വേർതിരിച്ച ഈ അറബ് രാജ്യത്തിന്റെ ഓരോ മേഖലക്കും അവരുടേതായ സംസ്കാരവും സ്ത്രീകൾക്ക് അവരുടേതായ വസ്ത്രധാരണരീതിയുമുണ്ട്.



ഇസ്ലാമിക കർമശാസ്ത്രത്തിലെ അധികം അറിയപ്പെടാത്ത മദ്ഹബുകളിലൊന്നായ 'ഇബാദി മദ്ഹബ്' പിന്തുടരുന്നവരാണ് ഒമാനിലെ ഭൂരിപക്ഷം ജനത. അടിസ്ഥാന ഇസ്ലാമിക വിശ്വാസത്തിന്റെ കാര്യത്തിൽ യാതൊരു വിട്ടുവീഴ്ചക്കും തയാറല്ലാത്ത ഒമാനികളിലെ ആചാരാനുഷ്ഠാനങ്ങളിൽ നാടിന്റെ തനത് സംസ്കാരത്തിന്റെ പ്രതിഫലനങ്ങൾ കാണാം. വിവാഹത്തിന്റെ കാര്യത്തിലും ഒമാനികൾക്ക് തനതായ രീതിയും ആചാരങ്ങളുമുണ്ട്.

### കന്യകയുടെ സമ്മതം

വിവാഹത്തിന്റെ കാര്യത്തിൽ വധൂവരന്മാരുടെ വ്യക്തിപരമായ സ്വാതന്ത്ര്യത്തിനും ഇഷ്ടാനിഷ്ടങ്ങൾക്കും ഒമാനികൾ നൽകുന്ന പ്രാധാന്യം എടുത്തുപറയേണ്ടതാണ്. ആരെ വിവാഹം കഴിക്കണമെന്ന് തീരുമാനിക്കാനുള്ള സ്വാതന്ത്ര്യം ഇന്നാട്ടുകാർ ഇവിടുത്തെ യുവതീയുവാക്കൾക്ക് വിട്ടുകൊടുത്തിരിക്കുന്നു. ഇണയെ തെരഞ്ഞെടുക്കുന്ന കാര്യത്തിൽ കുടുംബത്തിനും 'ബ്രോക്കർ'മാർക്കും കാര്യമായ റോളില്ലെന്ന് ചുരുക്കം.

വിവാഹപ്രായമെത്തിയ പുരുഷന് തനിക്ക് താൽപര്യം തോന്നുന്ന യുവതിയുടെ രക്ഷിതാക്കളെ തന്റെ ആഗ്രഹം അറിയിച്ച് സമീപിക്കാം. ഇക്കാര്യത്തിൽ യുവതിക്കും അനുകൂല അഭിപ്രായമുണ്ടെങ്കിൽ രണ്ടുകുടുംബങ്ങളും തമ്മിൽ ചർച്ച നടത്ത് മഹർ നിശ്ചയിച്ച് വിവാഹം നടത്തുന്നതാണ് ഒമാനിലെ രീതി. പെൺകുട്ടിയുടെ സമ്മതമില്ലാതെ ഒരിക്കലും നിക്കാഹ് കർമം യാഥാർഥ്യമാവില്ലെന്ന സത്യം ഒമാനി യുവതികൾ പറയുന്നത് ഏറെ അഭിമാനത്തോടെയാണ്. നിക്കാഹിന് ചുമതലപ്പെടുത്തിയ മൗലാന പെൺകുട്ടിയെ നേരിൽകണ്ട് വിവാഹം യുവതിയുടെ സമ്മതപ്രകാരമാണോ നടക്കുന്നത് എന്ന് അന്വേഷിക്കും. ഇക്കാര്യത്തിൽ പെൺകുട്ടിക്ക് പൂർണസമ്മതമാണെന്ന് ബോധ്യപ്പെട്ടാൽ മാത്രമേ വരന്റെ വീട്ടുകാർക്ക് മഹറുമായി പെൺകുട്ടിയുടെ വീടിന്റെ പടി ചവിട്ടാൻ കഴിയൂ.

വധുവുമൊത്ത് പുതിയ ജീവിതത്തിലേക്ക് പ്രവേശിക്കുന്ന യുവാവിനോട് നീ നിന്റെ മാതാപിതാക്കളെ മറക്കരുതെന്നും ഭാവിയിൽ ജീവിതത്തിലെടുക്കുന്ന തീരുമാനങ്ങളിൽ ഭാര്യയുടെ താൽപര്യങ്ങൾ മാത്രമല്ല മാതാപിതാക്കളുടെ ഇംഗിതങ്ങൾ കൂടി പരിഗണിക്കണമെന്നും നിക്കാഹിന് നേതൃത്വം നൽകുന്ന പണ്ഡിതൻ ഓർമിപ്പിക്കുന്ന ചടങ്ങ് കൂടി ഒമാനി വിവാഹങ്ങളെ വ്യത്യസ്തമാക്കുന്നു.

### ഒരാഴ്ചക്കാലത്തെ മംഗല്യഘോഷം

ഒമാനി പൗരൻമാരിൽ തന്നെ അറബികളും, ബലൂചിസ്ഥാനിൽ നിന്ന് കുടിയേറിയ ബലൂചികളും, ചെറു ന്യൂനപക്ഷം ശിയാക്കളും സുന്നികളിലെ മറ്റ് മദ്ഹബുകൾ പിന്തുടരുന്നവരുമുണ്ട്. ഇവരിലെ വിവാഹരീതികളിലും വ്യത്യാസ

മുണ്ട്. അറബികളുടെ വിവാഹം ലളിതമായി രണ്ടുദിവസം കൊണ്ട് തീരുമെങ്കിൽ ബലൂചികൾക്കിടയിലെ ആഘോഷം ഒരാഴ്ചയാണ്. വ്യാഴാഴ്ച മുതൽ മറ്റൊരു വ്യാഴാഴ്ച വരെയാണ് മേളം. പെൺകുട്ടിയുടെ വീട്ടിലേക്ക് ആൺകുട്ടിയുടെ വീട്ടുകാർ ആഘോഷപൂർവം മഹറ് കൊണ്ടുവന്ന് ഏൽപിക്കുന്ന വ്യാഴാഴ്ച മുതൽ 'മിൽക്ക' അഥവാ നിക്കാഹ് നടക്കുന്ന അടുത്ത വ്യാഴാഴ്ച വരെ രാത്രികളെല്ലാം വരന്റെയും വധുവിന്റെയും വിവിധതരം ആഘോഷത്തിന്റെയും സദ്യയുടേതുമായിരിക്കും.

ഇബാദി മദ്ഹബുകാരും സുന്നികളിലെ മറ്റ് മദ്ഹബുകാരും, അറബികളും, ബലൂചികളുമെല്ലാം പരസ്പരം വിവാഹം കഴിക്കുന്നത് സാധാരണയാണ്. എന്നാൽ, ശിയാക്കളുമായി വിവാഹബന്ധത്തിലേർപ്പെടുന്നത് ഭൂരിപക്ഷം വരുന്ന ഒമാനികളും പ്രോത്സാഹിപ്പിക്കാറില്ല. പല അറബ് രാജ്യങ്ങളും മുസ്‌ലിംകളും വേദക്കാരായ ക്രിസ്ത്യൻ, ജൂതിവിഭാഗത്തിൽപ്പെട്ടവരും വിവാഹം കഴിക്കുന്നത് നിയമപരമായി അംഗീകരിക്കാറുണ്ടെങ്കിലും ഒമാനിൽ അത്തരം വിവാഹങ്ങൾക്ക് അനുമതി ലഭിക്കില്ല. ഒമാനികൾക്ക് മറ്റ് ഗൾഫ് രാജ്യങ്ങളായ യു.എ.ഇ, സൗദി അറേബ്യ, ഖത്തർ, കുവൈത്ത്, ബഹ്റൈൻ എന്നിവിടങ്ങളിൽ നിന്ന് വിവാഹബന്ധം ആകാം. എന്നാൽ, മറ്റ് അറബ് രാജ്യങ്ങളായ സിറിയ, ജോർദാൻ, ലബനാൻ എന്നിവിടങ്ങളിലെ പൗരൻമാരുമായുള്ള ബന്ധങ്ങളെ ഇവർ പ്രോത്സാഹിപ്പിക്കാറില്ല. വികലാംഗരും, 60 വയസിന് ശേഷം വിവാഹം കഴിക്കാൻ ആഗ്രഹിക്കുന്നവർക്കും മാത്രമേ ഗൾഫ് രാജ്യങ്ങളല്ലാത്ത മറ്റ് രാജ്യങ്ങളിൽനിന്ന് ഇണകളെ സ്വീകരിക്കാൻ അനുമതി ലഭിക്കൂമത്രെ.



വിവാഹാഘോഷത്തിന്റെ ചുക്കാൻ പിടിക്കുന്നത് പലപ്പോഴും സ്ത്രീകളാണ്. ഒരുപക്ഷേ, ഒമാനിലെ വിവാഹചടങ്ങുകൾ സ്ത്രീ കേന്ദ്രീകൃതമാണെന്ന് തന്നെ പറയാം. നിക്കാഹ് നടക്കുന്ന അന്ന് മാത്രമാണ് പുരുഷൻമാർക്ക് റോളുള്ളത്. നിക്കാഹ് മിക്കവാറും പള്ളികളിലായതിനാൽ വീടുകളിലെ ആഘോഷം ഏതാണ്ട് 90 ശതമാനവും വനിതകൾ കൈയടക്കും.

## പ്രകൃതിദുരന്തവും മഹറും

ഗോത്രപെരുമയും അധികാരവും തറവാടിത്തവുമുള്ള കുടുംബങ്ങളിലെ പെൺകുട്ടികളെ വിവാഹം കഴിക്കാൻ വൻതുക മഹറ് ആവശ്യപ്പെടുന്ന പതിവ് മിക്ക അറബ് രാജ്യങ്ങളിലുമുണ്ട്. മഹറ് നൽകാൻ കെൽപില്ലാതെ വിവാഹം കഴിക്കാനാവാത്ത പുരുഷൻമാരും വേണ്ടത്ര മഹറ് നൽകാൻ യോഗ്യതയില്ലാത്തവർ വരാത്തതിനാൽ വിവാഹം യാഥാർഥ്യമാകാതെ കാത്തിരിക്കുന്ന പെൺകുട്ടികളും ചില അറബ് നാടുകളിലെ സാമൂഹികവ്യവസ്ഥയുടെയും നാട്ടാചാരങ്ങളുടെയും ഇരകളാവാറുണ്ട്. പണ്ട് ഒമാനിലും സ്ഥിതി വ്യത്യസ്തമായിരുന്നില്ല. പതിനായിരക്കണക്കിന് റിയാലും തോട്ടങ്ങളും ഒട്ടകങ്ങളും ആട്ടിൻപറ്റവുമെല്ലാം മഹറായി ആവശ്യപ്പെടുന്ന പതിവുണ്ടായിരുന്നു. എന്നാൽ, 2007ലുണ്ടായ ഗോനു ചുഴലിക്കാറ്റ് ദുരന്തം സാമൂഹികജീവിതത്തിൽ ഏറെ മാറ്റം കൊണ്ടുവന്നിട്ടുണ്ടെന്ന് സ്വദേശികൾ പറയുന്നു. ഇപ്പോൾ 5000 ഒമാനി റിയാലിൽ കൂടുതൽ (ഏകദേശം ആറ് ലക്ഷം ഇന്ത്യൻ രൂപ) ആരും മഹർ ആവശ്യപ്പെടാറില്ലത്രെ. അമിതമായി മഹർ ആവശ്യപ്പെടുന്നത് നിയന്ത്രിക്കാനുള്ള സർക്കാർ സംവിധാനങ്ങളുമുണ്ടെന്ന് ഇവർ പറയുന്നു.

അതേസമയം, കേരളത്തിലെ ഭൂപ്രകൃതിയോടുള്ള സാദൃശ്യം കൊണ്ട് ശ്രദ്ധേയമായ ഒമാനി നഗരമായ സലാലയിൽ വിവാഹത്തിൽ പങ്കെടുക്കാൻ എത്തുന്നവർ വരന്റെ വീട്ടുകാർക്ക് സഹായധനം നൽകുന്ന പതിവുണ്ടത്രെ. ചിലയിടങ്ങളിൽ ഇങ്ങനെ സമർപ്പിച്ച തുക എത്രയാണെന്ന് ഉറക്കെ വിളിച്ചുപറയുന്ന സമ്പ്രദായവുമുണ്ട്. ഇത്തരത്തിൽ വിവാഹം കഴിയുന്നതോടെ കല്ല്യാണത്തിനും മഹറിനുമായി വരൻ ചെലവഴിച്ച തുകയുടെ ഇരട്ടിയും മറ്റും ബന്ധുക്കളിൽ നിന്ന് പിരിഞ്ഞുകിട്ടുന്ന സാഹചര്യവുമുണ്ടെന്ന് ഒമാനികൾ പറയുന്നു. എന്നാൽ, സംഭാവന നൽകിയ കുടുംബത്തിൽ വിവാഹം നടക്കുമ്പോൾ അവർ നൽകിയ തുകയോ അതിൽ കൂടുതലോ തിരിച്ചു നൽകിയിരിക്കണമെന്ന അലിഖിത നാട്ടുനിയമവും ഇവിടെയുണ്ടത്രെ. വേഷത്തിലും ആചാരങ്ങളിലും പരമാവധി പരമ്പരാഗത സാംസ്കാരിക തനിമ നിലർത്താൻ ശ്രമിക്കുന്നവരാണ് ഒമാനികൾ എങ്കിലും വിദേശികളുമായും മറ്റ് മതവിശ്വാസികളുമായുള്ള പ്രണയ വിവാഹങ്ങളും അപൂർവമായെങ്കിലും പലയിടത്തും നടക്കാറുണ്ടെന്ന് ഇവർ സമ്മതിക്കുന്നു. പക്ഷേ, ഇത്തരത്തിൽ വിവാഹം കഴിക്കുന്ന വധുവിനും വരനും ഒമാൻ പൗരത്വം കിട്ടണമെങ്കിൽ വലിയ കടമ്പകൾ കടക്കേണ്ടിവരുമെന്നതിനാൽ പലരും ഇത്തരം മോഹങ്ങൾ ഉപേക്ഷിക്കാറാണ് പതിവ്. എങ്കിലും ഒമാൻ കുടുംബങ്ങളിൽ ഇടം കിട്ടിയ മലയാളികളും ഒമാന്റെ പല ഭാഗങ്ങളിലുമുണ്ട്.